**കേരള സർക്കാർ**

**നം.ഡി.എ 1/282/2017/തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 11.05.2017

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-2016-17 വാർഷിക പദ്ധതി ഭേദഗതി പ്രക്രിയ ആരംഭിച്ചുവെങ്കിലും 27.03.2017 നകം പൂർത്തിയാക്കാൻ കഴിയാത്ത സ്ഥാപനങ്ങളുടെ വാലിഡേഷൻ ക്രമപ്പെടുത്തൽ-സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 10/05/2017-ലെ 2.4-ാം നമ്പർ തീരുമാനം

2016-17 സാമ്പത്തികവർഷാവസാനം വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് ഡി.പി.സിയുടെ അനുമതി ലഭിച്ചതിനെ തുടർന്ന് പ്രോജക്ടു ഭേദഗതി ചെയ്തു വെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാക്കി അവസാനതീയതിയായ മാർച്ച് 27 ന് മുമ്പ് ഡി.പി.സി.യുടെ അംഗീകാരം വാങ്ങാൻ കഴിയാത്ത ചില തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. അംഗീകാര പ്രക്രിയ പൂർത്തിയായെങ്കിൽ മാത്രമേ ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2017 – 18 വാർഷിക പദ്ധതി രൂപീകരിക്കാൻ കഴിയുകയുള്ളു. തുടങ്ങിവച്ച ഭേദഗതി പ്രക്രിയ ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകളോടെ പൂർത്തിയാക്കുന്നതിന് ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കാവുന്നതാണ്.

I. ഭേദഗതി ചെയ്യുന്നതിന് ഡി.പി.സി. അനുവാദം നൽകിയ പ്രോജക്ടുകൾ ഭേദഗതി ചെയ്യാം.

II. സർക്കാർ അനുമതി ലഭിച്ചതിന്റേയോ കോ ഓർഡിനേഷൻ കമ്മിറ്റി അംഗീകാരം ലഭിച്ചതിന്റെയോ സർക്കാർ നിർദ്ദേശിച്ചതിന്റെയോ അടിസ്ഥാനത്തിൽ ഒരു പ്രോജക്ട് ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അത് 2016-17 വാർഷിക പദ്ധതിയുടെ ഭാഗമാക്കാം. മറ്റ് പുതിയ പ്രോജക്ടുകൾ അനുവദനീയമല്ല.

III. മുകളിൽ വിവരിച്ച ഭേദഗതികൾ ചെയ്യുന്നതിന് വേണ്ട വിഹിതം സേവിംഗ്സ് തുക ഉപയോഗിച്ചോ തുടരേണ്ടതില്ലാത്ത പ്രോജക്ടുകൾ ഉപേക്ഷിച്ചോ പ്രോജക്ടുകൾ ഭേദഗതി ചെയ്തോ കണ്ടെത്തണം.

IV. മേഖലാതല നിബന്ധനകളുടെ ഇലക്ട്രോണിക് പരിശോധന (വാലിഡേഷൻ) ഒഴിവാക്കാവുന്നതാണ്. ഓരോ വിഭാഗത്തിന്റെയും ആകെ തുകയുടെ പരിധിയുടെ ഇലക്ട്രോണിക് പരിശോധന ഉണ്ടായിരിക്കുന്നതാണ്.

V. പ്രോജക്ട് പരിശോധന, അംഗീകാരം എന്നിവയെ സംബന്ധിച്ച് 2015 - 16 വർഷത്തെ നടപടി ക്രമങ്ങൾ ബാധകമായിരിക്കും. അതായത് ഭേദഗതികൾ പൂർത്തിയാക്കി വെറ്റിംഗ് ഓഫീസർക്ക് അയച്ച് പരിശോധന പൂർത്തിയാക്കേണ്ടതും ഡി.പി.സിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. തുടർന്ന് അന്തിമ നടപടി ഉത്തരവ് നൽകണം.

VI. ഭേദഗതി സംബന്ധിച്ച നടപടിക്രമങ്ങൾ 2017 മെയ് 25 നകം പൂർത്തിയാക്കേണ്ടതാണ്.

**എ.കെ.മോഹനകുമാർ**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്**:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഒഫീസർ**